90 (525) ആറാട്ടുപുഴ- ശാസ്താംകടവ് പാലത്തിന്റെ നിർമ്മാണം

ശ്രീ. കെ.വി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജക മണ്ഡലത്തിൽ ആറാട്ടുപുഴ- ശാസ്താംകടവ് പാലത്തിന്റെ നിർമ്മാണം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ; പാലത്തിന്റെ നീളം എത്ര മീറ്ററാണ്;

(സി) ഈ പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്ര എന്ന് വ്യക്തമാക്കുമോ;

(ഡി) അപ്രോച്ച് റോഡിനുള്ള സ്ഥലമെടുത്താൽ ഉടനെ പാലത്തിന്റെ നിർമ്മാണം തുടങ്ങുമോ;

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഡിസൈൻ തയ്യാറാക്കിയിട്ടില്ല പാലത്തിന്റെ നീളം 87 മീറ്ററാണ്.

(സി) ഏകദേശം 160 ലക്ഷം രൂപ വരും.

(ഡി) ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുകയും ഡിസൈൻ തയ്യാറാക്കി, എസ്റ്റിമേറ്റിന് ഭരണാനുമതി, പ്രത്യേകാനുമതി, സാങ്കേതികാനുമതി ഇവ നൽകിയ ശേഷം പണി ഏറ്റെടുക്കുന്നതാണ്.

91 (526) മമ്മാക്കുന്ന് പാലം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മമ്മാക്കുന്ന് പാലം നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഇപ്പോൾ ഏതവസ്ഥയിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മമ്മാക്കുന്ന് പാലത്തിന് 30.6.98 ലെ ജി.ഒ (ആർ‌റ്റി) നം. 614/98/പൊ.മ.വ പ്രകാരം 395 ലക്ഷം രൂപയുടെ ഭരണാനുമതിയും 21.6.99-ലെ ജി.ഒ.(ആർ‌റ്റി) നം. 591/99/പൊ.മ.വ. പ്രകാരം പ്രത്യേകാനുമതിയും നൽകി.

(ബി) ഈ പാലത്തിന്റെ വിശദമായ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

92 (527) കോറൂർ പാലം പണി

ശ്രീമതി ആർ. വത്സലാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly